സ്വന്തമായി 50 സെന്റിൽ കൂടുതൽ ഭൂമി ഇല്ലാത്തവർക്കും മറ്റു പെൻഷൻ ഒന്നും ലഭിക്കുന്നില്ലായെങ്കിൽ ഈ പെൻഷൻ ലഭിക്കുവാൻ അർഹതയുണ്ട്.

നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

83 (2880)ശ്രീ. എൻ.ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂവകുപ്പിൽനിന്ന് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡമെന്താണ്;

(ബി) നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രസ്തുത ജില്ലയിൽ താമസിച്ചിരിക്കേണ്ട കുറഞ്ഞ കാലാവധി സംബന്ധിച്ച് വ്യവസ്ഥയുണ്ടോ;

(സി) ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ ജനിച്ചവർക്കും, അവരുടെ കുട്ടികൾക്കും, മറ്റ് സംസ്ഥാനത്ത് ജനിച്ച് വിവാഹിതരായി കേരളത്തിൽ സ്ഥിരമായി താമസിക്കുന്നവരുടെ കുട്ടികൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകിവരുന്നു.

(ബി) പ്രത്യേക വ്യവസ്ഥയില്ല. സ്ഥിരതാമസമായിരിക്കണമെന്നതാണ് അനുവർത്തിക്കുന്ന മാനദണ്ഡം.

(സി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് 26/02/1983ലെ ജി.ഒ.(എം.എസ്)805/83/ആർ.ഡി.യുടെ പകർപ്പ് അനുബന്ധമായി വെച്ചിട്ടുണ്ട്.†

പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ധനസഹായം

84(2881) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ കലഞ്ഞൂർ പഞ്ചായത്തിലെ വല്ലംകുഴ ആലയ്ക്കത്ത് ശ്രീമതി അംബിക. ജി, 1998 ഒക്ടോബർ മാസത്തിലുണ്ടായ പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടതിന് ധനസഹായം അഭ്യർഥിച്ചുകൊണ്ട് അപേക്ഷ സമർപ്പിച്ചിരിന്നുവോ;

(ബി) ഇവരുടെ വീട് ഭാഗികമായാണോ പൂർണ്ണമായാണോ തകർന്നത് എന്ന് അന്വേഷണം നടത്തി രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ നാശനഷ്ടത്തിന്റെ തോത് വിശദമാക്കുമോ;

(സി) പൂർണ്ണമായി വീട് നഷ്ടപ്പെട്ടവർക്കും ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്കും നൽകുന്ന പരമാവധി ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ശ്രീമതി അംബികയുടെ അപേക്ഷ പ്രകാരം അവർക്ക് അർഹതപ്പെട്ട ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇവർക്ക് അവരുടെ വീടിന് വന്ന നാശനഷ്ടത്തിന് ആനുപാതികമായി പരമാവധി ധനസഹായം നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമർപ്പിച്ചിരുന്നു.

(ബി) വീട് പൂർണ്ണമായും തകർന്നിരുന്നു. തന്മൂലമുണ്ടായ ആകെ നഷ്ടം 800 രൂപയെന്നാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രകൃതിക്ഷോഭംമൂലം പൂർണ്ണമായും വീട് തകർന്നവർക്ക് വീട് പുനർനിർമ്മിക്കുന്നതിനായി 15,000/- രൂപ മൂന്ന് ഗഡുക്കളായി നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം ഗഡു ബേസ്മെന്റ് കെട്ടിയശേഷവും, രണ്ടാം ഗഡുമേൽക്കൂരയായതിനും മൂന്നാം ഗഡു കെട്ടിടം പൂർത്തിയാക്കുമ്പോഴുമാണ് നൽകുന്നത്. ഭാഗികനാശമുണ്ടാകുന്ന വീടുകൾക്ക് നഷ്ടത്തോതനുസരിച്ച് പരമാവധി 5,000/- രൂപ വരെ നൽകാനാണ് വ്യവസ്ഥ.

(ഡി)&(ഇ) വീട് തകർന്നതുമൂലമുണ്ടായ നഷ്ടത്തുകയായ 800/- രൂപ അവർക്ക് നൽകിക്കഴിഞ്ഞു. ശ്രീമതി അംബികയുടെയോ അവരുടെ കുടുംബാംഗങ്ങളുടെയോ പേരിൽ വീട് വയ്ക്കാൻ ആവശ്യമായ സ്ഥലം ഇല്ലാത്തതിനാൽ വീട് പുനർനിർമ്മാണത്തിന് വ്യവസ്ഥപ്രകാരമുള്ള ധനസഹായം അനുവദിച്ചിട്ടില്ല.

പെട്രോൾ പമ്പുകളിൽ ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് പരിശോധന

85 (2882) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ പമ്പുകളിൽ ഇന്ധനങ്ങളുടെ അളവ് സംബന്ധിച്ച് ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റ് പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) അവസാനമായി ഇത്തരത്തിലുള്ള പരിശോധനകൾ നടത്തിയിട്ടുള്ളത് എന്നാണ്;

(സി) പ്രസ്തുത പരിശോധനയിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തി; കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കാലാകാലങ്ങളിലുള്ള ലീഗൽ മെട്രോളജി ഡിപ്പാർട്ടുമെന്റിന്റെ പരിശോധന കർക്കശമാക്കുവാൻ സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധന നിരന്തരം നടത്തിവരുന്നുണ്ട്. തിരുവനന്തപുരത്ത് കഴിഞ്ഞയാഴ്ചയിലും പരിശോധന നടത്തിയിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 185 ക്രമക്കേടുകൾ കണ്ടെത്തി രാജി ഫീസായി 6,70,900/- രൂപ ഈടാക്കിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly